അടച്ചു് നമ്മുടെ അംഗീകാരം കൊടുത്തു് ബഡ്ജറിൽ തുക കൊള്ളിച്ചു്, ആ തുക അഡ്വാൻസായി അടച്ചാൽ മാത്രമേ റെയിൽവേ പാലങ്ങളുടെ പണി ഏറ്റെടുക്കുകയുള്ളു. പാലങ്ങളുടെ പണി നടത്തുന്നതു് റെയിൽവേ ബോർഡാണു്. ഗവൺമെന്റു് അല്ല. അപ്രോച്ചു് റോഡു് മാത്രമേ ഗവൺമെന്റു് ഏറ്റെടുക്കുകയുള്ളു. നമ്മുടെ അതു് ഏറ്റെടുക്കുന്നതിനു് വേണ്ട തുക നൂറു ശതമാനവും ബഡ്ജറിൽ കൊള്ളിച്ചു് അവർക്കു് കൊടുക്കുന്നതിനുള്ള തീരുമാനമെടുത്തതിനുശേഷം മാത്രമേ സെൻട്രേജു് ചാർജു് അടയ്ക്കാൻ കഴിയു. അതാണു് സ്ഥിതി. അതിനു് വളരെ ബുദ്ധിമുട്ടുണ്ടു്. എങ്കിലും ഈ കാര്യം ഇനി പുതിയ പാലങ്ങളുടെ ലിസ്റ്റു് ഉണ്ടാക്കുന്ന കാലത്തു് തീർച്ചയായും പരിഗണിക്കാം. ഇതുമാത്രമേ എനിക്കു് ബഹുമാനപ്പെട്ട മെമ്പറോടു് പറയാനുള്ളു. സംസ്ഥാനമാകെ ഈ പണം മുഴുവൻ ചെലവാക്കാനുള്ള കഴിവു് ഇപ്പോഴും സർക്കാരിനില്ല.

(2) മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ നിർമ്മാണത്തിനുള്ള സ്തംഭനാവസ്ഥ

ശ്രീ. വി. വി. ജോസഫു് : സർ, മൂവാറ്റുപുഴ വാലി പദ്ധതിക്കു് ഈ വർഷം ബഡ്ജറിൽ ഉൾപ്പെടുത്തിയിരുന്ന തുക മുഴുവൻ തീർന്നതിനാൽ ഉദ്ദേശം അറുപതു ലക്ഷം രൂപയുടെ ബില്ലുകൾ കൊടുത്തു തീർക്കാനുണ്ടു്. ഈ കാരണം പണികൾ മുഴുവൻ സ്തംഭനാവസ്ഥയിലാണു്. ചിമ്മിനി പദ്ധതിക്കു് ഈ വർഷം മിച്ചം വരുന്ന രണ്ടുകോടി രൂപയിൽ നിന്നും ഒരു കോടി രൂപ ഈ പദ്ധതിക്കുവേണ്ടി മാറ്റി വയ്ക്കണമെന്നു് പ്രോജക്ടു് ചീഫു് എൻജിനീയർ ഗവൺമെന്റിലേക്കു് റിപ്പോർട്ടു് അയച്ചിട്ടുണ്ടെന്നു് മനസിലാക്കുന്നു. ഇതു് ഒരു ചീഫു് എഞ്ചിനീയറുടെ കീഴിൽ തന്നെയുള്ള ഒരു പദ്ധതിയിൽ നിന്നു് മിച്ചം വരുന്ന രണ്ടു കോടി രൂപയിൽ ഒരു കോടി രൂപ മാറ്റി വയ്ക്കുന്ന പ്രശ്നം മാത്രമേയുള്ളു. അതിനു് ഗവൺമെന്റു് ഒരു തീരുമാനം എടുത്തിട്ടില്ല. അങ്ങനെ ഈ ഒരു കോടി രൂപ ചീഫു് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം മൂവാറ്റുപുഴ പദ്ധതിക്കുവേണ്ടി മാറ്റി വച്ചാൽ പഴയ ബില്ലുകൾ കൊടുത്തുതീർക്കാൻ സാധിക്കും. അറുപതു ലക്ഷം രൂപയുടെ ബില്ലുകൾ കൊടുത്തു തീർക്കണമെന്നുള്ളതുകൊണ്ടു് കോൺട്രാക്ടർമാർ പണി ഇട്ടുപോയിരിക്കുകയാണു്. അവിടെ യാതൊരു വിധമായ പ്രവർത്തനങ്ങളും നടക്കുന്നില്ല. എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളുടെ കാർഷിക മേഖലയുടെ മുഖച്ഛായ മാറ്റാൻ സാധിക്കുന്ന ആ പദ്ധതിയുടെ സ്തംഭനാവസ്ഥയെപ്പറ്റി ഇതിനുമുമ്പു് ഞാൻ പല പ്രാവശ്യം ഈ അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതാണു്. ഇന്നു് അതിന്റെ പൊന്നിൻ വില നടപടികൾ നിർത്തിവച്ചിരിക്കുകയാണു്. നിർമ്മാണപ്രവർത്തനങ്ങൾ മുഴുവൻ നിർത്തലാക്കിയിരിക്കുകയാണു്. അതുകൊണ്ടു് നമ്മുടെ ബഹുമാനപ്പെട്ട ജലസേചന വകുപ്പു മന്ത്രിയും ധനകാര്യമന്ത്രിയും വിചാരിച്ചാൽ ഒരു ചീഫു് എഞ്ചിനീയറുടെ കീഴിൽ ചിമ്മിനി പദ്ധതിയുടെ മിച്ചം വരുന്ന ഒരു കോടി രൂപ മൂവാറ്റുപുഴ പദ്ധതിക്കു് കൊടുത്തു കഴിഞ്ഞാൽ അറുപതു ലക്ഷം രൂപയുടെ ബില്ലു് കൊടുത്തുതീർക്കാനും പണികൾ മുമ്പോട്ടു കൊണ്ടുപോകാനും സാധിക്കും. അവിടെതന്നെ ഇപ്പോൾ പെരിയാർ പദ്ധതിക്കു് അനുവദിച്ചിട്ടുണ്ടു്. ചിമ്മിനി പദ്ധതിയിൽ നിന്നു് മാറ്റി വയ്ക്കുക എന്ന ചീഫു് എഞ്ചിനീയറുടെ റിപ്പോർട്ടിനു് അംഗീകാരം നൽകാൻ ബഹുമാനപ്പെട്ട ജലസേചന വകുപ്പു മന്ത്രിയും ധനകാര്യമന്ത്രിയും അനുവാദം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഒരു കോടി രൂപയല്ല കുറച്ചുകൂടി കൂടുതലെങ്കിലും മൂവാറ്റുപുഴ വാലി പദ്ധതിയെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. പക്ഷേ നിർഭാഗ്യവശാൽ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ രണ്ടു കോടി രൂപയേ ആകെയുള്ളൂ. ശമ്പള ചെലവെല്ലാം കഴിഞ്ഞശേഷം കാര്യമായ തുക പ്ലാനിലില്ല. അതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുമായി ആലോചിക്കുകയായിരുന്നു. മൊത്തം പ്രോജക്ടുകളെ വിലയിരുത്തിക്കൊണ്ട് എവിടെയെങ്കിലും സേവിംഗ്സ് വരുമെങ്കിൽ ആ സേവിംഗ്സ് വച്ച് അപ്രോപ്രിയേറ്റ് ചെയ്യാൻ ഞാനും ധനകാര്യമന്ത്രിയും ആലോചിക്കുകയാണ്. അതിന് പരിഹാരം ഉണ്ടാക്കാം.

(3) വാമനപുരം നിയോജകമണ്ഡലത്തിലെ ചിറ്റാർ മരപ്പാലത്തിന്റെ പണി

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : സർ, വാമനപുരം നിയോജകമണ്ഡലത്തിൽ പാങ്ങോട് പഞ്ചായത്തിൽ വെള്ളയംദേശം എന്ന സ്ഥലത്തെ ചിറ്റാറിനു കുറുകെ ഒരു മരപ്പാലം വേണമെന്നതാണ് എന്റെ ആവശ്യം. വെള്ളയംദേശം എന്നു പറയുന്നപ്രദേശം മഴ വന്നാൽ ബാഹ്യലോകവുമായി യാതൊരു ബന്ധവുമില്ലാതെ കിടക്കുന്ന പ്രദേശമാണ്. ഈ പ്രദേശത്തെ ലോവർ പ്രൈമറി സ്കൂളുകളിൽ പോകുന്ന പിഞ്ചുകുഞ്ഞുങ്ങളും ആഫീസുകളിൽ പോകുന്നവരും കട-കമ്പോളങ്ങളിൽ പോകുന്നവരും മഴ വന്നാൽ യാതൊരു ഗത്യന്തരവുമില്ലാതെ അപ്പിടെത്തന്നെ താവളമടിച്ച് കിടക്കേണ്ട ഗതികേടിലാണ്. അവർക്ക് പോകാൻ ആറ്റിൽക്കൂടിയുള്ള ഒറ്റ മാർഗ്ഗമേ ഉള്ളൂ. ഈ ആറ്റിൽ ഒരു പാലം കെട്ടണമെന്നു പറഞ്ഞാൽ പി. ഡബ്ലിയു. ഡി.ക്ക് അത് സാധിക്കുകയില്ല. ബ്ലോക്കുകളിൽ പറഞ്ഞാലും ഇതിന് പരിഹാര മാർഗ്ഗം ഉണ്ടാവുകയില്ല. അത് ഫോറസ്റ്റ് ഏരിയയാണ്. അത് ഒരു ഗിരിജന പ്രദേശമാണ്. കാണിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. അതുകൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനു മാത്രമേ അവിടെ പാലം പണിയാൻ കഴിയൂ. പാലത്തിനാവശ്യമായ തടികൾ ആറ്റിന്റെ കരയിൽത്തന്നെ പിഴുതു വീണ് കിടപ്പുണ്ട്. അതുകൊണ്ട് വലിയ ബുദ്ധിമുട്ടില്ലാതെ, കൂടുതൽ പണം ചെലവഴിക്കാതെ ആ പാലം പണിയാൻ കഴിയുകയില്ലേ ? അത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ദിവസം അവിടെ ഡി. എഫ്. ഒ. വന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അവിടത്തെ ആളുകളുടെ ബുദ്ധിമുട്ട് പരിഗണിച്ച് അവിടെ അടിയന്തിരമായി മരപ്പാലം പണിയുന്നതിന് നടപടികൾ എടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) ; സർ, വെള്ളയംദേശം എന്ന പ്രദേശത്തെ ഗിരിജനങ്ങൾ ഉൾപ്പെടെയുള്ള ജനങ്ങളുടെ യാത്രാബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി അവിടെ ഒരു മരപ്പാലം പണിയാൻ ഉള്ള നടപടികൾ നേരത്തെ സ്വീകരിച്ചിരുന്നു. ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തിൽപ്പരം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ക്വട്ടേഷൻ വിളിച്ചെങ്കിലും ആരും മുന്നോട്ടു വന്നിട്ടില്ല. രണ്ടു തവണ ക്വട്ടേഷൻ വിളിച്ചു. ആരും വരാത്ത സാഹചര്യത്തിൽ കരാറുകാരുമായി ചർച്ച നടത്തി ഉറപ്പിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പക്ഷെ അതും വിജയിച്ചില്ല. അതിനെത്തുടർന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly